പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1749 — 12-06-2019 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി<br>,, എം. നൗഷാദ്<br>,, കാരാട്ട് റസാഖ്<br>,, രാജു എബ്രഹാം | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | 1) എസ്.എസ്.എൽ.സി., പ്ലസ് ടു , വി.എച്ച്.എസ്.സി. (10000/-രൂപ) , ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ (15000/- രൂപ) ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.<br>2) വിധവ/വിവാഹബന്ധം വേർപെടുത്തിയ / ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. 50000/- രൂപയാണ് ധനസഹായം. ബി.പി.എൽ വിഭാഗത്തിനും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും മുൻഗണന നൽകുന്നു.<br>3) മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.<br>4) നഴ്സിങ് / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള മദർതേരേസാ സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 15000/- രൂപ നൽകുന്നു.<br>5) സർക്കാർ / എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000/- രൂപ വീതം നൽകുന്നു.<br>6) വിവാഹമോചന നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസിലിങ് പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നു. |
| ബി) | ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്; | ബി) | പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം - PMJVK ( മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം - MSDP) - സംസ്ഥാനത്ത് പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിലൊഴികെ ന്യൂനപക്ഷകേന്ദ്രീകൃത ബ്ലോക്കുകൾ /ടൗണുകൾ/ ജില്ലാ ആസ്ഥാനങ്ങളിലായി നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) | ഉണ്ട്. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഭവന നിർമ്മാണത്തിനായി 2017-18 വർഷം മുതൽ നാലുലക്ഷം രൂപാ അനുവദിച്ചുവന്നിരുന്നു. 2019-20 വർഷം മുൻവർഷങ്ങളിൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതും പൂർത്തീകരിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനു മാത്രമാണ് തുക അനുവദിക്കുന്നത്. |
| ഡി) | ഈ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി പുതിയ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് മത്സരപരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി എട്ടുപുതിയ കേന്ദ്രങ്ങൾ അനുവദിച്ചു. അഞ്ചുകേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**